# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** — **29/11/2018-ൽ മറുപടിയ്ക്ക്**

### സഹകരണ ബാങ്കുകളിലെ വായ്പ കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. ജോർജ്.എം.തോമസ്<br>ശ്രീ. സി.കെ.ഹരീന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് 'സാന്ത്വനം 2018' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് 'കോബാങ്ക് സാന്ത്വനം 2018' എന്ന പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം തരത്തിലുള്ള വായ്പകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിഷ്ക്രിയ ആസ്തി ആയതും കാലാവധി കഴിഞ്ഞതും വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ച നൽകിയതുമായ രണ്ട് ലക്ഷം രൂപ വരെയുള്ള വ്യാപാർ വായ്പ, കോ-ബാങ്ക് അഭയ വായ്പ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, DCA വായ്പ, suit filed വിഭാഗത്തിലേക്ക് മാറ്റിയ വായ്പ, കാലാവധി കഴിഞ്ഞ് 5 വർഷവും 5 വർഷത്തിനു മുകളിലും ഉള്ള സമൃദ്ധി വായ്പകൾ, വ്യക്തിഗത ഓവർഡ്രാഫ്റ്റ് വായ്പ എന്നീ വായ്പകൾക്ക് ഈ പദ്ധതി ബാധകമായിരിക്കും. 31.03.2017-ലോ, അതിനുമുമ്പോ നിഷ്ക്രിയ ആസ്തി ആയ വ്യക്തിഗത ജാമ്യത്തിന്മേൽ നൽകിയിട്ടുള്ള 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് ഈ പദ്ധതി ബാധകമായിരിക്കും. കൂടാതെ 2018 മാർച്ച് 31-വരെ നിഷ്ക്രിയ ആസ്തിയായി തുടരുന്ന വായ്പയുമായി ബന്ധപ്പെട്ട എല്ലാ ആർബിട്രേഷൻ/ |

| | | | |
|---|---|---|---|
| | | | എക്സിക്യൂഷൻ കേസുകളും ബന്ധപ്പെട്ട ആർബിട്രേറ്റർ/സെയിൽ ഓഫീസറെ അദാലത്തിൽ പങ്കെടുപ്പിച്ച് തീർപ്പുകൽപ്പിക്കാവുന്നതാണ്. |
| (സി) | ഇതിനായി പ്രത്യേക അദാലത്തുകൾ എവിടെയെല്ലാമാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ഈ പദ്ധതി തുടങ്ങിയ 2018 ജൂൺ മാസം 15-ാം തീയതി മുതൽ എല്ലാ മാസവും സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നതും അദാലത്തിൽ പങ്കെടുക്കുന്നതുമായ വായ്പാക്കാർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ